കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്

# 2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1318/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

Ph.No. 0487-2331249
ഇ- മെയിൽ – dotsr.ksad@kerala.gov.in

തീയതി: 19.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അവണിശ്ശേരി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1 ഖണ്ഡികയിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1318/2017 തിയതി:19.09.2017

<u>തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ **2016-17**</u>
<u>സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 01.08.2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.2017 വരെയുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.8.2017 മുതൽ 07.8.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റഫി ജോൺ, ഓഡിറ്റ് ഓഫീസർ |
| | ശിവദാസ് എ.കെ, അസി. ഓഡിറ്റ് ഓഫീസർ |
| | സുനിൽകുമാർ കെ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | നിജു സി എസ്, ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | സൂര്യ ഷോബി | 01.4.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | സൂര്യകുമാരി എസ്. (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.04.2016 മുതൽ 16.05.2016 വരെ |
| | സുരേഷ് ടി.ഐ | 17.05.2016 മുതൽ 07.7.2016വരെ |
| | സൂര്യകുമാരി എസ്. (സെക്രട്ടറി ഇൻ ചാർജ്ജ്) | 08.7.2016 മുതൽ 23.10.2016വരെ |
| | എം കെ സുരേഷ്. സെക്രട്ടറി | 24.10.2016 മുതൽ 31.3.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ. ബിജു വി. ബാലൻ | 01.04.16 മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.സനൂപ് എ.വി | 01.04.16 മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ (പി,എച്ച്.സി.) | ഡോ. കെ.ആർ ബിജു | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഗീത പി.കെ | 01.04. 16 മുതൽ 31.03. 17വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.റോസിലി ടി ജെ | 01.04. 16മുതൽ 31.03. 17വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.എം.എൻ.ബിന്ദു. | 01.04. 16 മുതൽ 31.03. 17വരെ |
| വെറ്ററിനറി സർജൻ | ഡോ. എം.കെ ഗിരിജ | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. (അവിണിശ്ശേരി) | ശ്രീമതി.സിന്ധു പി.ജി | 01.04.16 മുതൽ 31.03.17വരെ |
| വി.ഇ.ഒ. (പാലിശ്ശേരി) | ശ്രീമതി.ഷൈനി സി.പി | 01.04.16മുതൽ 08.02.17 വരെ |
| | ശ്രീമതി.സിന്ധു പി.ജി (ഇൻ ചാർജ്ജ്) | 09.02.17മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സൂര്യകുമാരി. എസ് | 01.04.2016 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന സംബന്ധിച്ച വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ടുവിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയ വിവരം | 1-11 |
| 12 | ഗ്രാമസഭയിലെ പങ്കാളിത്തത്തിന്റെ കുറവ്-പരിഹാര നടപടികൾ ആവശ്യപ്പെടുന്നു. | 1-12 |
| | ഭാഗം **2** | |
| 13 | ലേല നിബന്ധനകൾ ഒന്നും പാലിക്കുന്നില്ല-ലേലത്തുക, നികുതി അടവാക്കിയതിൽ നഷ്ടം | 2-1 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ്-വാടക അപാകതകൾ | 2-2 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ-അപാകതകൾ | 2-3 |
| 16 | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നു തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല. | 2-4 |
| 17 | ടെണ്ടർ ഫീ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-5 |
| | ഭാഗം – **3** | |
| 18 | പൈക്ക് പദ്ധതിക്കായി ലഭിച്ച 320000 രൂപ ചെലവിടാനായി ബാക്കി നിൽക്കുന്നു. | 3-1 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2016-17 ഭരണച്ചെലവ് ആകെ ചെലവിന്റെ 5.5% ത്തിൽ കൂടുതൽ അധികരിച്ചിരിക്കുന്നു. | 3-2 |
| 20 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവിട്ടു. 205414 രൂപയുടെ ചെലവ് നടപടികൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-3 |
| 21 | 13പർച്ചേസ് നടപടിക്രമങ്ങളിലെ വ്യക്തതയില്ലായ്മമൂലം സമയനഷ്ടം, സാമ്പത്തികനഷ്ടം എന്നിവയ്ക്ക് കാരണമാകുന്നത് ഒഴിവാക്കേണ്ടതാണ്. | 3-4 |
| 22 | ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-8334 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-5 |
| 23 | എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വക്കുകയോ, നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ അനുവദിക്കുകയോ ചെയ്തിട്ടില്ല. | 3-6 |

| | | |
|---|---|---|
| 24 | കുട്ടിയിട്ട മണ്ണിന്റെ ഡിസ്പോസൽ നടപടികൾ പൂർത്തിയായിട്ടില്ല. | 3-7 |
| 25 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 3-8 |
| 26 | വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികൾ- പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-9 |
| 27 | പെയിൻ&പാലിയേറ്റീവ് പദ്ധതി-മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-10 |
| 28 | പൊളുടാപ്പ്-സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-11 |
| 29 | അംഗനവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-12 |
| 30 | 2016-17 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ഗ്രാമസഭ വൈകിയതിനാൽ പദ്ധതി നടത്തിപ്പ് സമയം ലഭ്യമായിട്ടില്ല. | 3-13 |
| 31 | പഞ്ചായത്തിൽ ഇന്റർകോം സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-14 |
| 32 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ- രശീതി,ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കാനുള്ള നടപടികളെടുക്കേണ്ടതാണ്. | 3-15 |
| 33 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ വത്ക്കരണം- നിർവ്വഹണത്തിലെ അപാകതകൾ | 3-16 |
| ഭാഗം 4 | | |
| 34 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളുടെ വിവരം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 43 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം -1

## പൊതു അവലോകനം



## പൊതു അവലോകനം



### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.3.2016 തിയ്യതിയിലെ 01/2016 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 75409951രൂപയും, പ്രതീക്ഷിത ചെലവ് 75112300 രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 25/07/17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധന സംബന്ധിച്ച വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 03.08.17, 04.8.17 |

വിശേഷണങ്ങൾ

1) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ബാധ്യതകളും ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

2) ബജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുള്ള തുകക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.
4) സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടില്ല.
5). സംയുക്ത പ്രോജക്ടുകൾക്കുള്ള മുഴുവൻ തുകയും തൻവർഷം ചിലവഴിച്ചിട്ടില്ല.

പരിഹാരം കാണേണ്ട മറ്റുവിഷയങ്ങൾ

1) ബാലൻസ് ഷീറ്റ് പ്രകാരം റീഫണ്ട് ഓഫ് അൺയൂട്ടിലൈസ്ഡ് ഗ്രാന്റ്സ് ഓഫ് പ്രയർ പീരീഡ് എന്ന ശീർഷകത്തിൽ (350300109) ആകെ 89237/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയത് സർക്കാരിലേക്ക് തിരിച്ചടക്കുവാനുള്ള തുകയാണോയെന്ന് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) അവിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്കിലെ 2211 നമ്പർ അക്കൗണ്ടിന്റെ (തനതുഫണ്ട്) റിക്കൺസിലിയേഷനിൽ 31000/- രൂപ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് വന്നിട്ടില്ല എന്ന് മുൻവർഷങ്ങളിലെന്ന പോലെ തൻവർഷത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച് പരിശോധന നടത്തി ടി തുകയുടെ കണക്ക് ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) NREGA അക്കൗണ്ടിൽ ബാങ്ക് (പാസ്ബുക്ക്) പ്രകാരം 2558 രൂപയും ബാങ്ക് ബുക്ക് പ്രകാരം 88639 രൂപയും ആണ് നീക്കിയിരിപ്പ്. 86081 രൂപയുടെ വ്യത്യാസം വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ കിടക്കുന്നു.
4) പൂർത്തീകരിക്കാത്ത ഡെപ്പോസിറ്റ് വർക്കുകൾ എല്ലായിനത്തിന്റെയും തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കിലെ ഇൻകം&എക്സ്പെന്റീച്ചർ പത്രിക, റസീറ്റ്&പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7466298 |
| വരവ് | 33358172 |
| ആകെ | 40824470 |
| ചെലവ് | 33337899 |
| നീക്കിയിരിപ്പ് | 7486571 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് | നീക്കി ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | - | 8249018 | 8249018 | 7937874 | 311144 | 96.22 |
| വികസന ഫണ്ട് എസ്.സി.പി. | - | 2763057 | 2763057 | 2129982 | 633075 | 77.08 |
| വികസന ഫണ്ട് ടി.എസ്.പി. | - | 2241 | 2241 | 2241 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | - | 6288879 | 6288879 | 1205858 | 5083021 | 19.17 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | - | 2885109 | 2885109 | 1867624 | 1017485 | 64.73 |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 4626530 | 4626530 | 1469058 | 3157472 | 31.75 |
| ലോകബാങ്ക് ധനസഹായം | - | 3000248 | 3000248 | 628486 | 2371762 | 20.94 |
| എൻ ആർ ഇ ജി എസ് | 86775 | 520719 | 607494 | 518855 | 88639 | 85.40 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 36807908 | 79 | 18808099 | 67 | 1 | 51.10 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.63% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2515477 | 3239288 | (+) 723811 | (+) 22.34 |
| നികുതിയേതര വരവുകൾ | 1630496 | 1926402 | (+) 295906 | (+) 15.36 |
| മറ്റിനം | 832787 | 735754 | (-) 97033 | (-) 13.18 |
| ആകെ | 4978760 | 5901444 | (+)922684 | (+)15.63 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 107880 | 122 |
| കർഷകതൊഴിലാളി പെൻഷൻ | 2484540 | 274 |
| വിധവാപെൻഷൻ | 9158990 | 827 |
| വാർദ്ധക്യകാലപെൻഷൻ | 13543575 | 1379 |
| വികലാംഗപെൻഷൻ | 1802600 | 197 |
| അവിവാഹിത പെൻഷൻ | 1644780 | 154 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.8.2017-ാം തിയ്യതി 3.30 pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13744/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

.

രജിസ്റ്ററുകളുടെ പരിപാലനം -

പഞ്ചായത്തിലെ വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, ടെണ്ടർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നതിൽ ഗുരുതരമായ ക്രമക്കേടുകൾ കാണുന്നു.

സ്റ്റോക്ക് രജിസ്റ്റർ

കമ്പ്യൂട്ടർ മുതലായ വിലപിടിപ്പുള്ള ഉപകരണങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റോക്ക് രജിസ്റ്ററടക്കം വളരെ ലാഘവത്തോടെയാണ് എഴുതി സൂക്ഷിച്ചിരിക്കുന്നത്. സാധനങ്ങളും ഉപകരണങ്ങളും വിതരണം ചെയ്ത സ്ഥാപനത്തിന്റെ പേര്, ബിൽ നം.,/തീയ്യതി, വില, എണ്ണം, ആർക്ക് നൽകി, വാറന്റിയുടെ വിശദാംശങ്ങൾ മുതലായ പൂർണ്ണവിവരങ്ങൾ രജിസ്റ്ററിൽ എഴുതുന്നില്ല. സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും ഒരു തവണ വാങ്ങിയ ഉപകരണങ്ങളെല്ലാം ഒരു പേജിൽ തന്നെയാണ് എഴുതിയിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നം.106-ൽ സ്ട്രീറ്റ് ലൈറ്റ് സാധനങ്ങൾ സ്റ്റോക്കിലെടുത്തിരിക്കുന്നത് പെൻസിൽകൊണ്ട് എഴുതിയാണെന്ന് മാത്രമല്ല പ്രസ്തുത രേഖപ്പെടുത്തൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വേളയിൽ പ്രസ്തുത അപാകത ചൂണ്ടിക്കാട്ടിയതിനെതുടർന്ന് തിരുത്തൽ വരുത്തിയിട്ടുണ്ട്.

ഓരോ ഇനവും വ്യത്യസ്ത പേജുകളിൽ രേഖപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ ഇനവും എത്രയെണ്ണം വീതം, ആർക്ക് വിതരണം ചെയ്തു എന്നതിന്റെ വിവരവും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

ടെണ്ടർ രജിസ്റ്റർ

ഒരു ഇനത്തിന് ലഭിക്കുന്ന ടെണ്ടറുകൾ എല്ലാം തന്നെ ടെണ്ടർരജിസ്റ്ററിന്റെ വ്യത്യസ്ത പേജുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ടെണ്ടറുകൾ ലഭിച്ച തീയ്യതി, തുറക്കുമ്പോൾ സന്നിഹിതരായിരുന്ന വ്യക്തികളുടെ വിവരങ്ങൾ, ലഭിച്ച തീയ്യതി, നിരക്ക് മുതലായ വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.7.2017 | 4/17 & 5/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.10.2003-16.11.2003 | 1997-98മുതൽ 2002-03 വരെ | 19/02/14 |

## 1-12 ഗ്രാമസഭയിലെ പങ്കാളിത്തത്തിന്റെ കുറവ്-പരിഹാരനടപടികൾ ആവശ്യപ്പെടുന്നു.

എല്ലാ പൗരന്മാരും ഒരു പൊതുവേദിയിൽ സമ്മേളിച്ച് സമൂഹത്തെ സംബന്ധിക്കുന്ന പ്രധാന തീരുമാനങ്ങളെടുക്കുന്ന സമ്പ്രദായമാണ് ജനാധിപത്യത്തിന്റെ ഏറ്റവും നല്ല മാതൃക. അധികാരവികേന്ദ്രീകരണ പ്രക്രിയയിലെ പരമാധികാരസഭയായിട്ടാണ് ഗ്രാമസഭകൾ വിലയിരുത്തപ്പെടുന്നത്. എന്നാൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ലഭ്യമായ ഗ്രാമസഭാ മിനിറ്റ്സുകൾ (വാർഡ് നം.2,6,8,11) പരിശോധിച്ചതിൽനിന്നും ഗ്രാമസഭയുടെ പ്രാധാന്യം ശരിയായ തരത്തിൽ ജനങ്ങൾ ഉൾക്കൊണ്ടതായിക്കാണുന്നില്ല. 2016-17 സാമ്പത്തിക വർഷത്തിൽ നടന്ന 4 ഗ്രാമസഭകളിലും 10 മുതൽ 11 ശതമാനം വരെയാണ് ജനപങ്കാളിത്തം. സംഘാടനത്തിന്റെ കുറവാണൊ ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തെ പ്രതികൂലമായി ബാധിക്കുന്നതെന്ന് പരിശോധിക്കുകയും അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുകയും വേണം. പദ്ധതി ആസൂത്രണം, നടത്തിപ്പ് എന്നീ പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് എന്ത് പങ്ക് വഹിക്കുവാൻ കഴിയുമെന്ന് ബഹുഭൂരിപക്ഷംപേർക്കും അറിയാത്ത അവസ്ഥ ജനപങ്കാളിത്തത്തോടുകൂടി വികസനപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വിലങ്ങുതടിയായ് മാറുന്നു. കേവലം ഒരു സാമ്പത്തികവിനിയോഗപ്രക്രിയ എന്നതിലുപരി പദ്ധതി ആസൂത്രണം, നടത്തിപ്പ്, വിലയിരുത്തൽ എന്നിവയിൽ ഊന്നിയുള്ള ചർച്ചകൾ ഗ്രാമസഭകളിൽ

ഉയർന്നവരേണ്ടതുണ്ട്. പദ്ധതികളുടെ ഗുണഭോക്താക്കൾ എന്നനിലയിൽനിന്നും പദ്ധതികളുടെ നിർമ്മാതാക്കളായി പൗരസമൂഹം മാറേണ്ടതുണ്ട്. ഇതിനാവശ്യമായ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ ഗ്രാമസഭാ കൺവീനർമാരായ അതാത് വാർഡ് മെമ്പർമാർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ലേലനിബന്ധനകൾ ഒന്നും പാലിക്കുന്നില്ല-ലേലത്തുക,നികുതി അടവാക്കിയതിൽ നഷ്ടം

29.7.16 ന നടത്തിയ 10ാം വാർഡിലെ പുല്ലാനിക്കാട് റോഡ് മുളംകൂട്ടത്തിന്റെ ലേലത്തിൽ 10500 രൂപക്ക് ശ്രീ കറുകയിൽ നാരായണൻ എന്ന വ്യക്തി ലേലം കൈക്കൊള്ളുകയും 12.8.16 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം 13 പ്രകാരം ലേലം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി ലേലത്തിൽകണ്ട അപാകതകൾ ,വരവ് -നികുതിയിന നഷ്ടം എന്നിവ താഴെ ചേർക്കുന്നു

1)ലേലത്തുക 1000/- കുറവ് ഈടാക്കി

ശ്രീ കറുകയിൽ നാരായണൻ എന്ന വ്യക്തിയിൽ നിന്ന് 10500/- ലേലത്തുകയായി ഈടാക്കുന്നതിനു പകരം 9500/- ഈടാക്കി. ലേലം നടന്ന ദിവസം ലേലത്തുകയുടെ 50% അടവാക്കിക്കുന്നതിനു പകരം 19.8.16 ന ആണ് ലേലത്തുകയായി 9500/- അടവാക്കിയിട്ടുള്ളത്(രശീത് നം 11605102070/ 19.8.16).

RP 5 ഷെഡ്യൂളിൽ 150120104 എന്ന ലേല ഹെഡ്ഡിൽ 9500/- വരവ് ആണ് വന്നിട്ടുള്ളത്

ഇ എം ഡി ആയി അടവാക്കിയ 1000 രൂപ ( രശീത് നം 11605101786/ 29.7.16) ടി വ്യക്തിക്ക് തിരിച്ചു നൽകിയിട്ടില്ലെങ്കിൽ ലേലത്തുകയിലെ കുറവായി കണക്കാക്കി തനതുഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. അല്ലാത്ത പക്ഷം ഈ തുക നഷ്ടമാക്കി കണക്കാക്കി ഉത്തരവാദിത്തപ്പെട്ട വ്യക്തിയിൽ നിന്നു ഈടാക്കേണ്ടതാണ്.

ലേലം കൊണ്ടയാളുമായി കരാർ വെച്ചിട്ടില്ല

2)വാറ്റ് തുക 210/- രൂപ കുറവായി അടവാക്കി

വാറ്റ് തുകയായി ലേലത്തുകയുടെ 14.5%, 1523/- രൂപ അടവാക്കുന്നതിനു പകരം 12.5%, 1313 രൂപയാണ് അടവാക്കിയിട്ടുള്ളത്. ലേല ദിവസം 50% ലേലത്തുക അടവാക്കുന്നതിന് ആനുപാതികമായ വാറ്റ് അന്നേദിവസം അടവാക്കിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

3)ലേലം കൊള്ളുന്നവരിൽ നിന്ന് ടാക്സ് കളക്ഷൻ അറ്റ് സോഴ്സ് (ടി സി എസ്) 158 രൂപ കുറവ് ഈടാക്കി. മരം ലേലം കൊള്ളുന്നവരിൽ നിന്ന് ലേലത്തുകയുടെ 2.5% ടാക്സ് കളക്ഷൻ അറ്റ് സോഴ്സ് (ടി സി എസ്) ആയി ഈടാക്കുന്നതിനു പകരം 1% ആണ് ഈടാക്കിയിട്ടുള്ളത്. 105നു പകരം 263 രൂപയാണ് ഈടാക്കേണ്ടത്.സെക്ഷൻ 206 C IncomeTax Act 1961(1) പ്രകാരം ഈടാക്കേണ്ടതാണ്. മരലേലങ്ങളിൽ ലേലനിബന്ധനയിൽ 2.5% ഉൾപ്പെടുത്തി ഐ.ടി കളക്ട് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്

4) ലേലം നടത്തിയ വകയിൽ ഫോറസ്റ്റ് ഡവലപ്മെന്റ് നികുതിയിനത്തിൽ ലേലത്തുക+വാറ്റ്+ഐ.ടി എന്നിവയുടെ ആകെത്തുകയുടെ 5% അടവാക്കിയതിൽ വ്യത്യാസം.

(ലേലത്തുക 10500/-+വാറ്റ് 1523/-+ഐ.ടി 263/-) ആകെ 12286/- രൂപയുടെ 5% 615/-ആണ് ഫോറസ്റ്റ് ഡവലപ്മെന്റ് നികുതിയിനത്തിൽ ഈടാക്കേണ്ടത്. ഈടാക്കിയ തുക 525/- രൂപ, വ്യത്യാസം 90/- രൂപ
ആകെ 210+158+90=458/-രൂപ ടി വ്യക്തിയിൽ നിന്നു ഈടാക്കി അതതു ശീർഷകത്തിൽ ഒടുക്കേണ്ടതാണ്

5) RP 5 ഷഡ്യൂളിൽ സെയിൽ ഓഫ് ഫിഷ് ഫാംസ് എന്നഹെഡ്ഡിൽ 300/- രൂപ വരവ് വന്നതുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം 5/3.8.17)

6) ലേലം -ബൈലോ തയ്യാറാക്കിയിട്ടില്ല പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച ബൈലോ പ്രകാരം ആയിരിക്കണം ലേലം നടത്തേണ്ടതാണ്.

### 2-2 ഷോപ്പിംഗ് കോംപ്ലക്സ്-വാടക അപാകതകൾ

2015-16 ലെ വാടക അരിയർ, 2016-17 ലെ വാടക അരിയർ എന്നിവ കണക്കാക്കുന്നതോടൊപ്പം പിഴപലിശ ബൈലോ അനുസരിച്ച് 18% നിരക്കിൽ കണക്കാക്കിയതായി കാണുന്നില്ല. രജിസ്റ്ററിൽ പിഴത്തുക കൃത്യമായി കണക്കാക്കി ക്യാരിഓവർ

ചെയ്തതെഴുതേണ്ടതാണ്. തൻവർഷത്തിലും മാസ വാടക അതതു മാസം 5ാം തീയതിക്ക ശേഷം വൈകി അടവാക്കുന്നവരിൽ നിന്നും പിഴ പലിശ കണക്കാക്കി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2016-17 ലെ വാടകമുറിക്കാരുമായുള്ള 3/2016 ൽ വെക്കേണ്ടതായ കരാർ പത്രങ്ങൾ (17 കടമുറികൾ) പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.
11 കടമുറികൾക്കും കരാർ പത്രം വാങ്ങിയിട്ടുള്ളത് 4/2016 ലും അതിനുശേഷം 5/2016,10/2016,11/2016 എന്നീ മാസങ്ങളിലുമായാണ്. പഞ്ചായത്ത് എക്സിക്യൂട്ടീവ് അതോറിറ്റിയും, വാടകക്കാരനും കരാറിൽ ഒപ്പുവെക്കുന്നില്ല. വാടകമുറിയുടെ നം, വാർഡ് നം,കടയുടെ/കച്ചവടത്തിന്റെ പേര്,വാടകക്കാരന്റെ പേര്,വാടകത്തുക ,സാക്ഷി വിവരങ്ങൾ ഇവയൊന്നും രേഖപ്പെടുത്തുന്നില്ല.

കടമുറി ലേലം ഉറപ്പിക്കുന്ന സമയത്ത് കെട്ടിവെച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ്, 6 മാസത്തെ മുൻകൂർ വാടക എന്നിവ സ്വീകരിച്ചതിന്റെ(ബൈലോ പ്രകാരം) വിശദാംശങ്ങൾക്കായി റെന്റ് ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ആകെ17 വാടകക്കാരിൽ നിന്നായി 32308/- രൂപയാണ് സെക്യൂരിറ്റി തുകയായി ഈടാക്കി സൂക്ഷിച്ചുവരുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക വാടകവർദ്ധനവ് 5% വെച്ച് നടത്തുമ്പോൾ വാടകത്തുകക്കനുസൃതമായി സെക്യൂരിറ്റി ഡെപ്പോസിറ്റിലും മാറ്റം വരുത്തി കരാർ പുതുക്കുന്ന സമയത്ത് തുക സെക്യൂരിറ്റി ഡെപ്പോസിറ്റിലേക്ക് ഈടാക്കാവുന്നതാണ്.

## 2-3 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -അപാകതകൾ

പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഇനത്തിൽ 150/- രൂപയാണ് 140100102 എന്ന ഹെഡിൽ വരവ് വന്നിട്ടുള്ളത്. എന്നാൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരം എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ഫീ അടവാക്കിയതായി കാണിച്ചിട്ടുണ്ട്.

| ക്രമ നം | ലൈസൻസിയുടെ പേര് | സ്ഥാപനം | വാർഡ് നം | ഫീആയി ഈടാക്കിയ തുക (രശീത് നം വിവരമില്ല) |
|---|---|---|---|---|
| 1 | സെക്രട്ടറി, വെങ്ങിണിശ്ശേരി സർവ്വീസ് സഹകരണ സംഘം,പാറളം | പാരമെഡിക്കൽ ക്ലിനിക്ക്,പാലക്കൽ | I/232 | 50 |
| 2 | സെക്രട്ടറി ,വെങ്ങിണിശ്ശേരി സർവ്വീസ് സഹകരണ സംഘം,പാറളം | മെഡിക്കൽ ലാബ്,പാലക്കൽ | I/231 | 50 |
| 3 | ശാരിക പ്രശാന്ത് തയ്യിൽ വീട് | അശ്വതി കമ്പ്യൂട്ടറൈസ്ഡ് ലാബ് & ഇസിജി | I/275 | 50 |
| 4 | സിസിലി വർഗ്ഗീസ് തേർമഠം വീട് | ഐഡിയൽ ക്ലിനിക്കൽ ലാബോറട്ടറി | II/237 | 50 |
| 5 | സ്നേഹലത മേലിട്ട വീട് | ശ്രീറാം ലാബ് & ഇസിജി | III/305 | 50 |
| 6 | സ്നേഹലത മേലിട്ട വീട് | ശ്രീറാം ലാബ് & ഇസിജി | III/305 | 50 |
| 7 | ഡോ.രഞ്ചു | സ്മൈൽ കെയർ ഡെന്റൽ ക്ലിനിക് | XIV/177c | 50 |
| 8 | കമലാ നായർ പി വി പങ്കി വീട് | വിനായക ആയുർവ്വേദിക് ഹോം,പാലക്കൽ | I/276-277 | 50 |
| 9 | കെ ജി ജയശങ്കര വൈദ്യർ,കന്നത്തു വളപ്പിൽ | ശ്രീ ലക്ഷമിശങ്കര വൈദ്യാശ്രമം | XI/70 | 50 |
| 10 | ഡോ.സുമി സുരേഷ് പെരുമ്പിലാവിൽ | ആയുർവ്വേദിക് ക്ലിനിക് ആദിദേവ ആയുർ & ഹെർബൽ | (വാർഡ് നൽകിയിട്ടില്ല) | 50 |

| | | | | |
|---|---|---|---|---|
| | വീട് | കെയർ,ചെറുവത്തേരി | | |
| 11 | ഡോ.ശ്രീ രാഗ് ടി എസ്,തണ്ടേക്കൽ | സിഗ്നേച്ചർ ഡെന്റൽ കെയർ | - | 50 |

രജിസ്റ്റർ,അനുബന്ധ ഫയലിൽ കണ്ട മറ്റു അപാകതകൾ

2014-15,2015-16 ,2016-17 വർഷത്തെ ഡി സി ബി സംക്ഷിപ്തം എഴുതിയിട്ടില്ല.
2016-17 വർഷത്തെ അപേക്ഷകൾ ഓഡിറ്റിനു ലഭ്യമാക്കിയില്ല. മേൽ കൊടുത്തിരിക്കുന്നസ്ഥാപനങ്ങളിൽ നിന്നു 2017-18 വർഷത്തേക്ക് ഫോറം 5 അനുസരിച്ചുള്ള (ചട്ടം 5(1)) പുതുക്കുന്നതിനുള്ള അപേക്ഷകളാണ് ഓഡിറ്റ് പരിശോധന വേളയിൽ ലഭ്യമാക്കിയത്
അതിനാൽ മേൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ പുതുതായി രജിസ്ട്രേഷൻ നടത്തേണ്ടിയിരുന്ന സ്ഥാപനങ്ങൾ എത്രയെന്നോ എത്ര സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ 16-17 വർഷത്തിൽ അടക്കാത്തതുണ്ട് എന്നോ വ്യക്തമല്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം3 (6) പ്രകാരം ഫോറം 2 അനുസരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല
മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

പാരമ്പര്യ ആയുർവ്വേദ ചികിത്സ കേന്ദ്രങ്ങൾ വീടുകളോടു ചേർന്ന് ഡി ആന്റ് ഒ, പാരാമെഡിക്കൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തി.ഉ ദാ:
ഡോ ഓമന ഉണ്ണിരാജ്,കെസി വാസു വൈദ്യർ പാരമ്പര്യ മർമ്മ ചികിത്സ കേന്ദ്രം
കെട്ടിടം വാണിജ്യവശ്യങ്ങൾക്ക് വസ്തു നികുതിയടക്കുന്നവയിൽ പെടുന്നവയാണോ എന്ന് പരിശോധിക്കേണ്ടതും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്നു തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

2016-17 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 425 സ്ഥാപനങ്ങൾ ഡി ആന്റ് ഓ ലൈസൻസോടുകൂടി പ്രവർത്തിക്കുന്നുണ്ടെങ്കിലും 350 സ്ഥാപനങ്ങളുടെ (ട്രേഡേഴ്സ്) തൊഴിൽ നികുതി മാത്രമാണ് ഡിമാന്റ് ചെയ്തു ഈടാക്കിയിട്ടുള്ളത്

സ്ഥാപന വിവരം വാർഡ് തിരിച്ച്

| വാർഡ് | വാണിജ്യാവശ്യ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| I | 27 |
| II | 34 |
| III | 28 |
| IV | 36 |
| V | 42 |
| VI | 32 |
| VII | 18 |
| VIII | 22 |
| IX | 86 |
| X | 19 |
| XI | 19 |
| XII | 13 |
| XIII | 11 |
| XIV | 38 |
| ആകെ | 425 |

ട്രേഡേഴ്സ് -തൊഴിൽ നികുതി ഈടാക്കാത്ത 75 സ്ഥാപനങ്ങളിൽ നിന്നു ഡിമാന്റ് നോട്ടീസ് അയച്ച് നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ടെണ്ടർ ഫീ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ 5 പ്രോജക്ടുകൾ ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്. ഇതിൽ നിന്നുള്ള 28200 രൂപ ടെണ്ടർ ഫീ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഗ്രാമപഞ്ചായത്തിനു ഇതു വരെ ലഭ്യമായിട്ടില്ല. 2015-16 ലെ അരിയർ തുക 9000/-ലഭിച്ചിട്ടുണ്ട്. ഇ-ടെണ്ടർ ഫീ ലഭ്യമാക്കുവാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൈക്ക പദ്ധതിക്കായി ലഭിച്ച 320000 രൂപ ചെലവിടാനായി ബാക്കി നിൽക്കുന്നു.

വാർഷിക കണക്കിലെ ബി 4 ഷെഡ്യൂൾ പ്രകാരം പൈക്ക പദ്ധതിക്കായി ലഭിച്ച തുകയിൽ 320000 രൂപ ബാലൻസ് ഉള്ളതായി ചേർത്തിട്ടുണ്ട്. തുക ചെലവഴിക്കാതെ ബാക്കി നിൽക്കുന്നതിനുള്ള കാരണങ്ങൾ അറിയിക്കാനാവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ അറിയിച്ചിട്ടില്ല. ബന്ധപ്പെട്ട ഫയലും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തുക ചെലവിടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ -10

## 3-2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2016-17 ഭരണചെലവ് ആകെ ചെലവിന്റെ 5.5% ത്തിൽ കൂടുതൽ അധികരിച്ചിരിക്കുന്നു.

സർക്കാർ ഉത്തരവ് (സാധാ) 999/17 തസ്വഭവ തിയ്യതി 30-03-2017 പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവ് 2016-17 വർഷത്തിൽ ആകെ പദ്ധതി ചെലവിന്റെ 4 % എന്ന നിരക്കിൽ നിന്നും 5.5% ആക്കി വർദ്ധിപ്പിച്ചിരുന്നു. എന്നാൽ അവിണിശ്ശേരി പഞ്ചായത്തിൽ 16-17 സാമ്പത്തിക വർഷത്തെ അടങ്കൽ ചെലവ് 5231199 രൂപയും ഭരണച്ചിലവ് 607000 രൂപയുമാണ്. ഇത് ആകെ ചിലവിന്റെ 11.6 ശതമാനമാണ് . സർക്കാർ ഉത്തരവിന് വിധേയമായി ചെലവുകൾ ക്രമീകരിക്കുന്നതിന് ഭരണതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായി തുക ചെലവിട്ടു. 205414 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ. 105/17

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.സെക്രട്ടറി

ബിൽ നമ്പർ.25/16-17 തിയ്യതി. 30.03.2017

2016-17 വർഷത്തെ പ്രോജക്ടുകളുടെ നടത്തിപ്പിനുള്ള പദ്ധതി മാർഗ്ഗരേഖ ജി.ഒ.എം.എസ് 4/2016 തസ്വഭവ 11.01.2016 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അവിണിശ്ശേരി പഞ്ചായത്തിൽ പട്ടികജാതിയിൽ പെട്ട യുവജനങ്ങൾക്ക് ശിങ്കാരി മേളം ഉപകരണങ്ങൾ നൽകൽ എന്ന പ്രോജക്ട് നടത്തിയതായി കാണുന്നു. പ്രോജക്ടിനായി 205414 രൂപ ചെലവിട്ടിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഈ പ്രോജക്ട് നടത്തിയതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതിയോ സാധൂകരണമോ വാങ്ങിയതായി കാണുന്നില്ല. 205414 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പർച്ചേസ് നടപടിക്രമങ്ങളിലെ വ്യക്തതയില്ലായ്മ മൂലം സമയ നഷ്ടം, സാമ്പത്തിക നഷ്ടം എന്നിവക്ക് കാരണമാകുന്നത് ഒഴിവാക്കേണ്ടതാണ്.

പ്രോജക്ടിന്റെ പേര്.: പട്ടികജാതിയിൽപ്പെട്ട യുവജനങ്ങൾക്ക് ശിങ്കാരിമേളം ഉപകരണങ്ങൾ വാങ്ങി നൽകൽ.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.സെക്രട്ടറി

ഇതേ പ്രോജക്ടിനായി A2 -6239/ 02-12-16 പ്രകാരം ടെൻഡർ വിളിച്ചതിനെത്തുടർന്ന് 14-12-2016 ന് നാല് ടെൻഡറുകൾ സമർപ്പിക്കപ്പെട്ടിരുന്നു. ഈ ടെൻഡറുകളിൽ ചെണ്ട, ഇലത്താളം എന്നിവക്ക് താഴെ ചേർക്കും പ്രകാരം വില ക്വോട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | ഇലത്താളത്തിന് ക്വോട്ട് ചെയ്ത | ചെണ്ടക്ക് ക്വോട്ട് |
|---|---|---|---|

| | | വില | ചെയ്ത വില |
|---|---|---|---|
| 1 | വിക്കോ ട്രേഡിംഗ് തൃശ്ശൂർ | 3392 | 11899 |
| 2 | ഫിറ്റ് വെൽ തൃശ്ശൂർ | 3300 | 9163 |
| 3 | ബി.എം.ട്രേഡിംഗ് മിഷൻ , തൃശ്ശൂർ | 4500 | 12500 |
| 4 | സുനിൽ.വി.ബി | ഇല്ല | ഇല്ല |

മേൽക്കാണിച്ച ടെൻഡറുകൾ ഒന്നും പരിഗണിക്കാതെ A2 6239/ 30-01-17 പ്രകാരം റീടെൻഡർ വിളിച്ചതായാണ് കാണുന്നത്. റീടെൻഡർ വിളിച്ചതിനെ തുടർന്ന് ജോൺ ആന്റ് കമ്പനി , തൃശ്ശൂർ ക്വട്ടേഷൻ സമർപ്പിക്കുകയും ചെണ്ട ഒന്നിന് 13000 രൂപയും, ഇലത്താളം ഒന്നിന് 3500 നിരക്കിലും ക്വട്ടേഷൻ അംഗീകരിക്കുകയും 20.03.2017 ന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിൽ താഴെ ചേർക്കും പ്രകാരം അപാകതകൾ കാണുന്നു.

1. ആദ്യ ടെൻഡർ നിരസിക്കാനുള്ള കാരണം പർച്ചേസ് കമ്മിറ്റി എവിടേയും രേഖപ്പെടുത്തിയിട്ടില്ല.

2. ആദ്യ ടെൻഡറിലെ താഴ്ന്ന റേറ്റ് സ്വീകരിച്ചിരുന്നെങ്കിൽ സ്വാഭാവികമായും കിട്ടേണ്ട വിലക്കിഴിവ് പഞ്ചായത്തിന് നഷ്ടപ്പെട്ടു. പ്രോജക്റ്റ് നടത്തിപ്പ് വീണ്ടും വൈകുന്നതിന് കാരണമായി.

   ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഗുണമേന്മ കുറവാണ് ആദ്യ ടെൻഡറിലെ ഉൽപന്നങ്ങൾ സ്വീകരിക്കാതിരിക്കാൻ കാരണമായി പറയുന്നത്. എന്നാൽ പർച്ചേസ് കമ്മിറ്റി ഗുണമേന്മ കുറവായത് എവിടേയും രേഖപ്പെടുത്താത്തതിന് മറുപടി നൽകാനായിട്ടില്ല. നടപടിക്രമങ്ങളിലെ ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ-11)

## 3-5 ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. 8334 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.സെക്രട്ടറി

പ്രോജക്റ്റ് നമ്പർ. So 153/17

ബിൽ നമ്പർ. 27/16-17 തിയ്യതി. 30.03.2017

തുക.8334

വടക്കേപാടം എസ്.സി കോളനിയിലേക്ക് സ്ട്രീറ്റ് ലൈറ്റ് വലിക്കാനായി 8334 രൂപ ചൂർക്കഞ്ചേരി കെ.എസ്.ഇ .ബി ഓഫീസിൽ അടച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തിയാക്കി ധനവിനിയോഗ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ -12

## 3-6 എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ, നിയമാനുസൃത ടൈം എക്സ്റ്റൻഷൻ അനുവദിക്കുകയോ ചെയ്തിട്ടില്ല

നി.ഉ. : അസി.എഞ്ചിനീയർ

താഴെ ചേർക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ എഗ്രിമെന്റ് പ്രകാരമുള്ള കാലാവധി കഴിഞ്ഞിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വെക്കുകയോ , നിയമാനുസൃത ടൈം എക്സ്റ്റൻഷൻ അനുവദിക്കുകയോ ചെയ്തിട്ടില്ല. ഇതേ തരത്തിലുള്ള പണി പൂർത്തീകരിച്ച പ്രോജക്റ്റുകളിൽ ഫൈൻ ഈടാക്കിയതായും കാണുന്നില്ല. നിയമാനുസൃത നടപടികൾ കൈക്കൊള്ളാത്തതിന്റെ കാരണം പഞ്ചായത്ത് അറിയിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| പ്രോജക്റ്റ് നമ്പർ | പ്രവർത്തിയുടെ പേര് | എഗ്രിമെന്റ് നമ്പർ/ തിയ്യതി | എഗ്രീഡ് പി.എ.സി | കാലാവധി | പൂർത്തീകരണ തീയതി | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| So 0009/17 | ചെറുവത്തേരി കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 57/15-16 /AE/ LSGD/ Avy dt. 02/03/16 | 478145 | 05-04-2016 | 15-02-2017 | മനോജ് റാഫേൽ |
| So 7/17 | ഫ്രണ്ട് ഓഫീസ് നവീകരണം | 30/15-16 /AE/Avy/ LSGD dt. 25/02/16 | 70542 | 14-10-2016 | 22-12-2016 | ശ്രീകുമാർ.പി.ജി |
| So 10/17 | പഞ്ചായത്ത് ഓഫീസ് നവീകരണം | 51/15-16/ AE/ LSGD/ Avy dt. 25/02/16 | 230476 | 25-07-2016 | 22-12-2016 | ശ്രീകുമാർ.പി.ജി |
| S002/17 | വിവിധ അംഗൻവാടികളുടെ മെയിന്റനൻസ് | 56/15-16/ AE/ LSGD/ AVY dt. 2.03.16 | 479230.33 | 02-0 9-17 | Not completed | George.W |

ഓഡിറ്റ് എൻക്വയറി നമ്പർ-4

## 3-7 കൂട്ടിയിട്ട മണ്ണിന്റെ ഡിസ്പോസൽ നടപടികൾ പൂർത്തിയാക്കിയിട്ടില്ല

പുല്ലാനിക്കാട് വനിത വ്യവസായ യൂണിറ്റ് റോഡ് ടാറിംഗ്, അമ്പാടി നഗർ റോഡ് ചാൽ നിർമ്മാണം എന്നീ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ഈ പ്രവർത്തികളിലെ കുഴിച്ചെടുത്ത മണ്ണ് അവിണിശ്ശേരി പി.എച്ച്.സി കോംമ്പൌണ്ടിൽ കൂട്ടിയിട്ടതായി ചേർത്തിട്ടുണ്ട്. ഈ മണ്ണിന്റെ ഡിസ്പോസലിനായി പഞ്ചായത്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പ്രോജക്റ്റ് നമ്പർ | പ്രവർത്തിയുടെ പേര് | മണ്ണിന്റെ അളവ് | എം.ബുക്ക് നമ്പർ | എം.ബുക്ക് പേജ് നമ്പർ |
|---|---|---|---|---|
| Soo43/17 | പുല്ലാനിക്കാട് വനിതായൂണിറ്റ് റോഡ് ടാറിംഗ്, ചാൽ നിർമ്മാണം | 12.368 $m^3$ | M.B.78/15-16 | 11 |
| Soo37/17 | അമ്പാടി നഗർ ഡ്രെയ്ന് | 95.830 $m^3$ | MB.80/15-16 | 3 |

ഓഡിറ്റ് എൻക്വയറി നമ്പർ -3

## 3-8 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ

പ്രൊജക്റ്റ് നമ്പർ S0076/2017

അടങ്കൽ 270000

ചെലവ് 270000

ബിൽ നമ്പർ 6/2016-17 തിയ്യതി 28-1-2017-250000

7/2016-17 തിയ്യതി 1-07-2017-20000

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, ആയുർവേദം, അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്

2016-17 സാമ്പത്തിക വർഷത്തിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 250000 രൂപ 07-12-2016 ലെ PF 544 ഇൻവോയ്സ് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് ന് നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെയായിട്ടും 250000 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-9 വിഇഒ നടപ്പിലാക്കിയ പദ്ധതികൾ- പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ഭവനനിർമ്മാണം</u>

അടങ്കൽ 600000

ചെലവ് 180000

2016-17 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന്റെ തനത്ഫണ്ട് ഉപയോഗപ്പെടുത്തി 3 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായത്തിനായി തുക വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | പേര് | നല്കിയ തുക | തിയ്യതി. |
|---|---|---|---|
| 1 | ജ്യോതി.വി.<br>വെള്ളിയാട്ടിൽ (H)<br>പാലിശ്ശേരി | 20000<br>60000 | 23-3-2017<br>29-3-2017 |
| 2 | നാരായണൻ<br>നടുവിൽ(H)<br>അവിണിശ്ശേരി | 20000 | 23-3-2017 |
| 3 | ബിന്ദു.വി.ബി.<br>മലയാറ്റിൽ (H)<br>അവിണിശ്ശേരി | 20000<br>60000 | 23-3-2017<br>29-3-2017 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>വ്യക്തിഗത ഗാർഹീക കക്കൂസ് നിർമ്മാണം</u>

പദ്ധതി നം – Soo72/2016-17

അടങ്കൽ - 693000

ചെലവ് - 446600

ബിൽ നം. 1/2016-17/16-3-2017-200200

2/2016-17/20-3-2017-138600

3/2016-17/28-3-2017-61600

4/2016-17/30-3-2017-46200
ആകെ – 446600

2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണ പദ്ധതിയിൽ 45 ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തിരുന്നത്. മോണിറ്ററിംഗ് റിപ്പോർട്ട് പ്രകാരം പദ്ധതി വർഷം 29 ഗുണഭോക്താക്കളുടെ പ്രവൃത്തി മാത്രമാണ് പൂർത്തിയായിട്ടുള്ളത്. മറ്റു ഗുണഭോക്താക്കളുടെ നിർമ്മാണ പ്രവൃത്തികൾ കൂടി പൂർത്തിയാക്കുന്നതിനുവേണ്ട

നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗാർഹിക ബയോഗ്യാസ് പദ്ധതി

പദ്ധതി നം. S0085/2017

അടങ്കൽ 703500

ചെലവ് 71400

ബിൽ നം. 6/2016-17/20-03-2017

മേൽ പദ്ധതിയ്ക്കായി 67 ഗുണഭോക്താക്കളെയാണ് തിരഞ്ഞെടുത്തിരുന്നത്. 34 ഗുണഭോക്തക്കൾ മാത്രമാണ് പദ്ധതി തുടങ്ങുന്ന സമയത്ത് 3000 രൂപ വീതം ഗുണഭോക്തൃവിഹിതം അടവാക്കിയത്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി കരാറിലേർപ്പെടുകയും ചെയ്തു. പദ്ധതി വർഷം 20% തുക 71400 രൂപയാണ് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് നല്കിയിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി-മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രൊജക്ട് നമ്പർ S0002/2017

അടങ്കൽ 520716

ചെലവ് 520716

ബിൽ നമ്പർ 1/2016-17 -165350

3/2016-17- 249050

5/2016-17-106316

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ,പി എച്ച് സി,അവിണിശ്ശേരി.

2016-17 സാമ്പത്തിക വർഷത്തിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയ്ക്കായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 10.3.2017ന് 136900രൂപയും 27.3.2017ന് 80216 രൂപയും നല്കിയിട്ടുണ്ട്. (A/C No. 36240018000000) നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിററ് എൻക്വയറിയ്ക്ക് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി 136900/- രൂപ 10-3-2017 ലും 80216/- രൂപ 27-3- 2017 ലും നല്കിയിട്ടുണ്ട് . നാളിതുവരെയായിട്ടും KMSCL ൽനിന്നും മരുന്ന് ലഭ്യമായിട്ടില്ല. ഫോണിൽ ബന്ധപ്പെട്ടപ്പോൾ ആഗസ്റ്റ് 20 നള്ളിൽ എത്തിക്കാമെന്നാണ് അറിയിച്ചത്. ആയതിനാൽ മരുന്ന് എത്തുന്ന മുറയ്ക്ക് സ്റ്റോക്കിൽ എടുത്ത് വെരിഫിക്കേഷന് സമർപ്പിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 പൊതുടാപ്പ്-സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കട ഹെൽത്ത് ഡിവിഷന്റെ 3/2016ലെ ഡിമാന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 321 പൊതുടാപ്പുകളാണ് ഉള്ളത് (6/4/2016ലെ A5-2633/2006). പ്രതിമാസം 140438 രൂപ വെച്ച് ഒരു വർഷത്തിൽ 1685256 രൂപ വാട്ടർചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള കുടിവെള്ള പൈപ്പുകളുടെ എണ്ണം 311ആയിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 10 ടാപ്പുകൾ കൂടി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുകയും ആകെ ടാപ്പുകളുടെ എണ്ണം 321 ആകുകയും ചെയ്തു. 2017-18 വർഷത്തിൽ 29/4/2017 തിയ്യതിയിലെ 4(1) തീരുമാന പ്രകാരം ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട് . ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്ന വിവരം ബോധിപ്പിക്കുന്നു എന്നാണ് മറുപടി നൽകിയിരിക്കുന്നത്.

28.9.2011ലെ തസ്വഭവ സർക്കാർ ഉത്തരവ്പ്രകാരം എത്രയും വേഗം പരിശോധന നടപടികൾ പൂർത്തിയാക്കി ടാപ്പുകളുടെ എണ്ണത്തിനനുസൃതമായി മാത്രം കരമടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 19 അംഗൻവാടികളാണ് ഉള്ളത്. ഇതിൽ 11 അംഗൻവാടികളാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 5 അംഗൻവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു അംഗൻവാടി ഇറിഗേഷൻ കെട്ടിടത്തിലും മറ്റൊരു അംഗൻവാടി പഞ്ചായത്തിന്റെ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഒരു അംഗൻവാടിയ്ക്ക് സ്ഥലം ലഭ്യമായിട്ടുണ്ട് . മറ്റൊരു അംഗൻവാടിയ്ക്ക് സ്ഥലം ലഭിക്കുന്നതിനുവേണ്ടി കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വാട്ടർ കണക്ഷൻ ഉള്ള 10 അംഗൻവാടികളാണുള്ളത്. ചുറ്റമതിൽ ഉള്ളത് 10 അംഗൻവാടികൾക്കാണ്.

ആയതിനാൽ ആവശ്യങ്ങൾ മുൻഗണന നിശ്ചയിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വികരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 3-13 2016-17 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ഗ്രാമസഭ വൈകിയതിനാൽ പദ്ധതി നടത്തിപ്പിന് സമയം ലഭ്യമായിട്ടില്ല.

അവിണിശ്ശേരി ഗ്രാമപഞ്ചായത്തിൽ ആകെ 14 വാർഡുകളാണ് ഉള്ളത്. 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി രൂപീകരണ ഗ്രാമസഭകൾ 2016 മാർച്ച് മാസത്തിൽ നടത്താൻ തീരുമാനിച്ചിരുന്നുവെങ്കിലും കേരള നിയമസഭാ തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാൽ പദ്ധതി രൂപീകരണ ഗ്രാമസഭകൾ മാറ്റിവെച്ചു. 2016 ഏപ്രിൽ മാസത്തിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ്പദ്ധതി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളാണ് പഞ്ചായത്തിൽ നടന്നിട്ടുള്ളത്. 2016-17 വർഷത്തെ പദ്ധതി രൂപീകരണ ഗ്രാമസഭകൾ 2016 ജൂലൈ മാസത്തിലും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 2016 നവംബർ മാസത്തിലുമാണ് നടക്കുന്നത്. ഗുണഭോക്തക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള തീരുമാനം 31-12-2016 ലുമാണ്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള ഗുണഭോക്തക്കളുടെ ലിസ്റ്റ് ജനവരി മാസത്തിലാണ് അവർക്ക് ലഭിക്കുന്നത്. ഇതുമൂലം നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുന്ന പദ്ധതികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

2017 ആഗസ്റ്റ് മാസത്തിൽ 2017-18 വർഷത്തെ ഗുണഭോക്തക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ നടക്കുന്നതിനാൽ എല്ലാ വാർഡിലെയും മിനിറ്റ്സ് ബുക്കുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ ഗ്രാമസഭ മിനിറ്റ്സുകളിൽ നിന്നുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | വാർഡിന്റെപേര് | സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ | 2016-17 പദ്ധതിരൂപീകരണ ഗ്രാമസഭ | വ്യക്തിഗത ഗുണഭോക്തക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ | ഭക്ഷ്യഭദ്രത ഗ്രാമസഭ | 2017-18 പദ്ധതിരൂപീകരണ ഗ്രാമസഭ |
|---|---|---|---|---|---|---|---|
| 1 | 2 | വള്ളിശ്ശേരി സൗത്ത് | 9-4-2016 | 2-7-2016 | 12-11-2016 | 1-3-2016 | 9-4-2016 |
| 2 | 4 | വള്ളിശ്ശേരി നോർത്ത് | 11-4-2016 | 4-7-2016 | 7-11-2016 | 1-3-2016 | 10-4-2016 |
| 3 | 5 | അവിണിശ്ശേരി | 8-4-2016 | 10-7-2016 | 6-11-2016 | 1-3-2016 | 8-4-2016 |
| 4 | 6 | പാലിശ്ശേരി നോർത്ത് | 10-4-2016 | 3-7-2016 | 4-11-2016 | 1-3-2016 | 10-4-2016 |
| 5 | 8 | ബോട്ട്ജെട്ടി | 6-4-2016 | 10-7-2016 | 5-11-2016 | 1-3-2016 | 9-4-2016 |
| 6 | 9 | തൃത്താമരശ്ശേരി | 4-4-2016 | 3-7-2016 | 4-11-2016 | 1-3-2016 | 6-4-2016 |
| 7 | 11 | ചെറുവത്തേരി | 8-4-2016 | 6-7-2016 | 10-11-2016 | 1-3-2016 | 8-4-2016 |

## 3-14 പഞ്ചായത്തിൽ ഇന്റർകോം സ്ഥാപിക്കൽ - പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ '*പഞ്ചായത്തിലേക്ക് ഇന്റർകോം സ്ഥാപിക്കൽ*(so138/17)എന്ന പദ്ധതിയിൽ 64,958 രൂപ ചെലവ് വന്നിട്ടുണ്ട്. ആദ്യ ദർഘാസ് പരസ്യത്തിന് പ്രതികരണമൊന്നും ലഭിക്കാത്തതിനെ തുടർന്ന് എ2-6239/16 നമ്പരായി(തീ.30.01.17) പുനർദർഘാസ് ക്ഷണിച്ചതിൽ 2 ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്.

1.ദിവ്യംസ് ടെലിലാന്റ്, ചെട്ടിയങ്ങാടി, തൃശ്ശൂർ - 77,280

2.നെറ്റ്കോം മാർക്കറ്റിങ്ങ് സെർവീസസ്, ഒളരിക്കര,തൃശ്ശൂർ. - 64,958

21.02.17 ന് കൂടിയ പർച്ചേസ് കമ്മിറ്റി, ഗുണനിലവാരത്തിൽ മെച്ചപ്പെട്ടതായ നെറ്റ്കോം മാർക്കറ്റിങ്ങ് സെർവീസസ്, ഒളരിക്കരയുടെ ടെണ്ടർ അഗീകരിക്കാവുന്നതാണെന്ന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 28.02.17-ലെ 11.1 നം. തീരുമാനപ്രകാരം നെറ്റ്കോം മാർക്കറ്റിങ്ങ് സെർവീസസിന്റെ ടെണ്ടർ അംഗീകരിക്കുകയും സ്ഥാപനവുമായി കരാർ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇൻവോയ്സ് നം.376/25.03.17 പ്രകാരം EPABX System വിതരണം ചെയ്തതിന് ട്രഷറിബിൽ നം.44/16-17 തീ.31.03.17 പ്രകാരം 64,958 രൂപ നൽകിയിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെകാണുന്ന അപാകതകൾ കാണുന്നു.

1.ദർഘാസ് പരസ്യത്തിൽ വിതരണം ചെയ്യേണ്ട ഇന്റർകോമുകളുടെ എണ്ണത്തിനെ സംബന്ധിച്ച സൂചനയില്ല.

2.സ്ഥാപനവുമായി ഒപ്പിട്ട കരാറിൽ കരാർനം., തീയ്യതി എന്നിവയില്ല.

3.സ്ഥാപനത്തിന് നിശ്ചിത എണ്ണം ഇന്റർകോമുകൾ വിതരണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് supply order നൽകിയിട്ടില്ല.

4.എത്ര ഇന്റർകോമുകളാണ് വിതരണം നടത്തിയെന്നതിന് കണക്കുകളില്ല.

5.ദർഘാസ് പരസ്യത്തിൽ വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് ISI മാർക്ക് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്ത സാമഗ്രികളിൽ ഇത്തരം മാർക്ക് കാണുന്നില്ല.

6.നെറ്റ്കോം മാർക്കറ്റിങ്ങ് സെർവീസസിന്റെ ടെണ്ടറിൽ 3 വർഷത്തെ onsite വാറന്റിയെ സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും സ്ഥാപനവുമായി പഞ്ചായത്ത് ഒപ്പിട്ട കരാറിൽ വാറന്റിയെ സംബന്ധിക്കുന്ന വ്യവസ്ഥകളൊന്നുമില്ല.

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/05.08.17) ISO മാർക്കുള്ള ഉപകരണങ്ങളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ വാങ്ങുന്ന സാധനങ്ങൾക്ക് രാജ്യത്ത് നിലവിലുള്ള നിലവാര മാനദണ്ഡങ്ങൾ ഉറപ്പാക്കുന്ന ISI മാർക്ക് നിർബന്ധമാക്കാതെ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് ISO 9001:2008 സാക്ഷ്യപത്രമുണ്ടെന്നുള്ള മറുപടി സ്വീകരിക്കാവുന്നതല്ല. കാരണം ISO 9001:2008 എന്നത് ഒരു സ്ഥാപനത്തിന്റെ വാങ്ങൽ - വിൽപന നടപടി ക്രമങ്ങളിലും സ്ഥാപനത്തിന്റെ മറ്റു പ്രവർത്തനങ്ങളിലും നിശ്ചിത നിലവാര നിഷ്കർഷ ഉറപ്പാക്കുന്ന സാക്ഷ്യപത്രമാണ്. കൂടാതെ ദർഘാസ് പരസ്യത്തിൽ നിഷ്കർഷിക്കുന്ന നിബന്ധനകൾ ഉറപ്പാക്കാതെ വാങ്ങലുകൾ നടത്തിയതും ശരിയായ നടപടിയല്ല.

ഈ സാഹചര്യത്തിൽ ചെലവു തുക 64,958 രൂപ തടസ്സപ്പെടുത്തുന്നു.

## 3-15 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - രശീതി, ധനവിനിയോഗസർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കാനുള്ള നടപടികളെടുക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് അടവാക്കിയ തുകക്ക് രശീതി, ധനവിനിയോഗസർട്ടിഫിക്കറ്റ് എന്നിവ ലഭിക്കാതെയും പ്രവൃത്തി പൂർത്തീകരിക്കാതെയുമുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു;

| ക്രമ നം. | പദ്ധതി | ചെലവ് | ട്രഷറിബിൽ | ആർക്ക് നൽകി | റിമാർക്സ് |
|---|---|---|---|---|---|
| 1 | IKM-ന് അടക്കേണ്ട വിഹിതം (so 057/17) | 31,420 | 24/16-17 തീ.17.03.17 | IKM | രശീതി, ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. |
| 2 | വെബ്സൈറ്റ് വരിസംഖ്യ (so 018/17) | 1500 | ചെക്ക് നം.14627 തീ. 20.03.17 | IKM | രശീതി ലഭ്യമാക്കിയിട്ടില്ല. |
| 3 | ABC പ്രോഗ്രാം-ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ (so 081/17) | 3,25,000 | 29/16-17 തീ. 17.03.17 | ജില്ലാ പഞ്ചായത്ത് | ധനവിനിയോഗ സർട്ടിഫിക്കറ്റ്, രശീതി |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭിച്ചിട്ടില്ല. |
| 4 | അടിപാത വൈദ്യുതീകരണം (so 143/17) | 1,30,500 | 47/16-17 തീ. 31.03.17 | KSEB | ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയായിട്ടില്ല. |
| 5 | സാമൂഹ്യസുരക്ഷാ മിഷൻ സംഭാവന | 1,40,946 | 39/16-17 തീ.31.03.17 | സാമൂഹ്യസുരക്ഷാ മിഷൻ | ധനവിനിയോഗ സർട്ടിഫിക്കറ്റ്, രശീതി ലഭിച്ചിട്ടില്ല |
| 6 | സമ്പൂർണ്ണവൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും സ്ട്രീറ്റ് മെയിൻ വലിക്കൽ (so 152/17) | 3,67,752 | 50/16-17 തീ.31.03.17 Rs.3,10,777 53/16-17 തീ.31.03.17 Rs.56,975 | KSEB | KSEB-യുമായി കരാർ ഒപ്പിട്ടിട്ടില്ല. |

നിർവ്വഹണ ഏജൻസികളിൽനിന്നും രശീതി, ധനവിനിയോഗസർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കാനും പ്രവൃത്തി പൂർത്തീകരിക്കാത്തവിഷയങ്ങളിൽ അത് പൂർത്തീകരിക്കുന്നതിനുള്ള നടപടികളെടുക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-16 പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ വത്ക്കരണം - നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ : സെക്രട്ടറി

ട്രഷറി ബിൽ : 49/16-17 Dt.31.03.17    തുക- 2,22,950/-രൂപ

അടങ്കൽതുക 2,23,252രൂപയുള്ള '*പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർ വത്ക്കരണം' (so137/17)*എന്ന പദ്ധതിയിൽ 2,22,950 ചെലവു വന്നിട്ടുണ്ട്. 16.03.17-ലെ ദർഘാസ് പരസ്യം നം.എ2-6239/16 പ്രകാരം മേൽ പദ്ധതിനിർവ്വഹണത്തിനായി താഴെ പറയുന്ന ഇനങ്ങൾ വാങ്ങുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചു;

| |
|---|
| Duplex Laser Printer, Color Printer, Desktop Client Computers, Token Machine Set, Touch Screen Kiosk, Currency Counting Machine, 20" wide TFT LCD Monitor. |

ലഭിച്ച ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സതേൺ അസോസിയേറ്റ്സ്, തൃശ്ശൂർ-ന്റെ ദർഘാസ് പർച്ചേസ് കമ്മിറ്റിയുടെ 23.03.17-ലെ 1ാം നം.ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്കമ്മിറ്റി അംഗീകരിച്ചു (തീരുമാനം നം.1(1),തീ.24.03.17). തുടർന്ന് 27.03.17-ലെ ഇൻവോയ്സ് നം.4577 പ്രകാരം ഉപകരണങ്ങൾ വിതരണം നടത്തിയതിന് തുക നൽകുകയും സ്ഥാപനത്തിന്റെ രശീതി ലഭിക്കുകയും ചെയ്തിട്ടുണ്ട്(നം.6394/05.04.17). പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു;

1.ദർഘാസ് പരസ്യപ്രകാരം കുറഞ്ഞത് 15 മാസം വാറന്റിയുള്ള ഉപകരണങ്ങളായിരിക്കണം വിതരണം ചെയ്യേണ്ടത്. എന്നാൽ സതേൺ അസോസിയേറ്റ്സ് സമർപ്പിച്ച ടെണ്ടറിൽ വാറന്റിയെ പറ്റി പ്രതിപാദിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിലും വാറന്റി സംബന്ധിയായ രേഖപ്പെടുത്തലില്ല.

2.സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

3.ഉപകരണങ്ങൾ വാങ്ങി 4 മാസങ്ങൾ കഴിഞ്ഞിട്ടും ടച്ച്സ്ക്രീൻ കിയോസ്ക്, ടോക്കൺ മെഷീൻ എന്നിവ പ്രവർത്തിക്കുന്നില്ല.

വാങ്ങിയ ഉപകരണങ്ങളുടെ വാറന്റിയെ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനത്തിൽനിന്നും ആവശ്യപ്പെടേണ്ടതും രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്. ടച്ച് സ്ക്രീൻ, ടോക്കൺ മഷീൻ എന്നിവ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ എടുക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 72030 | സമഗ്ര നെൽകൃഷി വികസന പദ്ധതി 2016-17 | 72030 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| | 50000 | ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പാലിന്ന സബ്സിഡി | 50000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വാർഡ് 2ലെ എസ് ഡി കോൺവെന്റ് ബ്രാഞ്ച് റോഡിലെ വാഹനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രൊജക്റ്റ് നം 142/17 | 21601233/ 29.3.2017 | 52484 | 52484/-(CFC) | - | 0 |
| കെ.എസ്.ഇ.ബി | അടിപ്പാത വൈദ്യുതീകരണം പ്രൊജക്റ്റ് നം 143/17 | 21601235/ 29.3.2017 | 130500 | 130500/- (CFC) | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | - |
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും സ്ട്രീറ്റ് മെയിൻലൈൻ വലിക്കൽപ്രൊജക്റ്റ് നം 152/17 | 21601227/ 29.3.2017 21601229/ 29.3.2017 | 367752 | 310777/- 56975/- ആകെ367752/- (പ്ലാൻഫണ്ട്) | കെ.എസ്.ഇ.ബി യുമായി കരാർ ഒപ്പിടാതെ പൂർത്തീകരിച്ചു. | 0 |
| കെ.എസ്.ഇ.ബി | 9,10 വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ പ്രൊജക്റ്റ് നം 151/17 | | 26948 | 26948 | - | 0 |
| കെ.എസ്.ഇ.ബി | വടക്കേപ്പാടം എസ് സി കോളനിയിൽ സ്ട്രീറ്റ് മെയിൻലൈൻ വലിച്ച് ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ പ്രൊജക്റ്റ് നം 153/17 | 21601211/ 30.3.2017 | 8334 | 8334/-(SCP) | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 250 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 250 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 250 |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| അവിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | 250 | 22/30.3.2012 |

## 4-6 ഓഡിറ്റ് റിക്കവറി

.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | 2.3 | 500/- | ബീന പോൾസൺ പി ജി ക്രിയേഷൻസ് | 11605105201/ 21.3.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 6 | 2003-04 | 03/08/11 | പാലക്കൽ കുടിവെള്ള പദ്ധതി പ്രവൃത്തി മൂല്യത്തേക്കാൾ 11946 രൂപ കൂടുതലായി നൽകി | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33358172 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33337899 |
| വരവിനങ്ങളിലുള്ള നഷ്ടം | 1458 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 278706 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1458 | - | എസ്. സൂര്യകുമാരി, സെക്രട്ടറി (ഇൻ ചാർജ്) |
| ആകെ | 1458 | | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 205414 | എസ്.സൂര്യകുമാരി അസി.സെക്രട്ടറി |
| 3-5 | 8334 | എസ്.സൂര്യകുമാരി അസി.സെക്രട്ടറി |
| 3-14 | 64958 | എം.കെ.സുരേഷ്, സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്.സൂര്യകുമാരി അസി.സെക്രട്ടറി | അസി.സെക്രട്ടറി, അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് | കൃഷ്ണകൃപ വീട്, പനോക്കൽ റോഡ് കണിമംഗലം തൃശ്ശൂർ |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 78-79 | എൽ.എഫ്.ടി.10-1926/82/07/7.6.83 |
| 79-80 | എൽ.എഫ്.ടി.10-1929/83/16.3.84 |
| 80-81 | എൽ.എഫ്.ടി.10-1623/84/6.11.85 |
| 81-82 | എൽ.എഫ്.ടി.10-427/86/27.8.87 |
| 82-83 | എൽ.എഫ്.ടി.10-1360/87/1.2.88 |
| 83-84 | എൽ.എഫ്.ടി.10-1541/88/4.3.89 |
| 85-86 | എൽ.എഫ്.ടി.7-722/90/16.10.90 |
| 86-87,87-88 | എൽ.എഫ്.ടി.17-1050/91/16.8.91 |
| 88-89,89-90 | എൽ.എഫ്.ടി.17-1550/92/15.1.93 |
| 90-91 | എൽ.എഫ്.ടി.8-1176/94/22.2.95 |
| 92-93,93-94 | എൽ.എഫ്.ടി.8-194/95/16.12.95 |
| 94-95,95-96 | എൽ.എഫ്.ടി.8-172/97/19.6.97 |
| 96-97 | എൽ.എഫ്.ടി.8-1478/98/15.7.98 |

| | |
|---|---|
| 97-98 | എൽ.എഫ്.ടി.8-1534/98/15.7.99 |
| 98-99 | എൽ.എഫ്.ടി.8-1711/2000/1.3.01 |
| 99-00 | എൽ.എഫ്.ടി.8-966/01/5.11.01 |
| 00-01 | എൽ.എഫ്.ടി.15-725/05/2.1.06 |
| 01-02 | എൽ.എഫ്.ടി.15-1130/05/18.2.06 |
| 02-03 | എൽ.എഫ്.ടി.പി.2-519/12/2.3.12 |
| 03-04 | |
| 04-05 | |
| 05-06 | |
| 06-07 | |
| 07-08 | എൽ.എഫ്.ടി.പി.9-922/21.1.11/5.1.12 |
| 08-09 | |
| 09-10,10-11 | എൽ.എഫ്.ടി.പി.2-1871/12-3.10.12 |
| 11-12 | എൽ.എഫ്.ടി.പി260/2013/17.4.13 / 12.8.13 |
| 12-13 | എൽ.എഫ്.ടി.പി.2-2168/13-7.5.14/ 16.7.14 |
| 13-14 | എൽ.എഫ്.ടി.പി.2-284/2015-11.5.15/ 24.7.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി2)683/16–13.05.2016/15.06.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(പി2)1984/16–14.11.2016/30.12.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ടി.എസ്.ആർ(പി2 )1318/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
തിയ്യതി:19.09.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA-TSR(P2)1318/2017

Kerala State Audit Department,

District Audit Office,
Thrissur - 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
Dated: 19.09.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Avinissery Grama panchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Avinissery Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur